"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തോൽപ്പെട്ടി റേഞ്ചിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ.പി.സുനിലിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.191/2023/F&WLD തീയതി,തിരുവനന്തപുരം, 16-05-2023

---

പരാമർശം:-

1. 09.05.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/131/2022-ADMIN/B9 നമ്പർ കത്ത്.
2. 16.06.2022ലെ F&WLD-A2/59/2022-F&WLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
3. 09.08.2022 തീയതിയായി ശ്രീ.പി.സുനിൽ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച പ്രതിവാദ പത്രിക.
4. 12.10.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ B9-131/2022-ADMIN/B9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് വന്യജീവി സങ്കേതത്തിൽ പ്രവേശിച്ച് കാട്ടുപോത്തിനെ വേട്ടയാടിയതുമായി ബന്ധപ്പെട്ട് തോൽപ്പെട്ടി റേഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.02/2020 നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിരവധി തവണ നിർദ്ദേശം നൽകിയിട്ടും തുടർ നടപടി സ്വീകരിക്കാത്ത തോൽപ്പെട്ടി റേഞ്ചിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ.പി.സുനിലിനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വയനാട് വൈൽഡ് ലൈഫ് വാർഡൻ ശുപാർശ ചെയ്യുകയും അത് അംഗീകരിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തു.

2) മേൽ ശുപാർശ അംഗീകരിച്ച് ശ്രീ.പി.സുനിൽ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും

പരാമർശം (2) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) കുറ്റപത്രത്തിന് ശ്രീ.പി.സുനിൽ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങളൊന്നും അംഗീകരിക്കാൻ കഴിയില്ലെന്നും ടിയാനെതിരെ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3 ) പ്രകാരം റിപ്പോർട്ട് ചെയ്തു.

4) ശ്രീ.പി.സുനിൽ പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കുന്നതിനുള്ള അവസരത്തിന് അഭ്യർത്ഥിച്ചതിൻ പ്രകാരം 17.11.2022-ന് ടിയാനെ നേരിൽ കേട്ടു നേരിൽ കേട്ട വേളയിൽ ടിയാൻ തന്റെ പ്രതിവാദങ്ങളിൽ ഉറച്ചു നിൽക്കുകയും പ്രതിവാദ പത്രികയിൽ പ്രസ്താവിച്ച പ്രകാരം കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും, ആയതിനാൽ തന്നെ ഇതിൽ നിന്നും കുറ്റവിമുകതമാക്കാൻ നടപടി വേണമെന്നും വാദിച്ചു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഈ വിഷയത്തിൽ കൂടുതൽ തെളിവു ശേഖരിക്കുന്നതിനും ശ്രീ.പി.സുനിൽ, അസിസ്റ്റന്റ് വൈൽഡ് വാർഡന് നിരപരാധിത്വം തെളിയിക്കുന്നതിന് അവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും, അന്വേഷണാധികാരിയായി ശ്രീ.കെ.സുനിൽകുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി (എക്സ്റ്റൻഷൻ) , കോഴിക്കോട്-നെയും പ്രസെന്റിങ് ഓഫീസറായി ബേഡൂർ റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സോളമൻ തോമസ് ജോർജ് ടി-നെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.സുനിൽകുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
സോഷ്യൽ ഫോറസ്ട്രി (എക്സ്റ്റൻഷൻ), കോഴിക്കോട്
ശ്രീ.സോളമൻ തോമസ് ജോർജ്. ടി,റേഞ്ച് ഫോറസ്റ്റ് ഓഫീസർ , ബേഡൂർ
ശ്രീ.പി.സുനിൽ , അസിസ്റ്റന്റ് വൈൽഡ് വാർഡൻ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 16-05-2023 17:52:21

സെക്ഷൻ ഓഫീസർ